# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം :55** **09.02.2016 ൽ മറുപടിയ്ക്ക്**

## സൗരഗൃഹ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി<br>,, എം. ഹംസ<br>,, ജി.സുധാകരൻ<br>,, എസ്.രാജേന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) 2011-12 സാമ്പത്തിക വർഷം 10,000 വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ടും അതിലധികവും ശേഷിയുള്ള സൗര വൈദ്യുത പ്ലാന്റുകൾ സ്ഥാപിക്കുവാനും ഇവയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.യ്ക്ക് നല്കാനും ബജറ്റിൽ പ്രഖ്യാപിച്ച സൗരഗൃഹ പദ്ധതിയുടെ നിജസ്ഥിതി വെളിപ്പെടുത്താമോ; | (എ) 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10000 സൗരഗൃഹ പദ്ധതി ശൃംഖലാ ബന്ധിത പദ്ധതിയല്ല.<br>കേരളത്തിലുടനീളമുള്ള പതിനായിരം വീടുകളിലായി സ്വന്തം ഉപയോഗത്തിന് മാത്രമായി 1 കിലോവാട്ടിന്റെ പവർ പ്ലാന്റുകൾ സ്ഥാപിക്കുക വഴി സംസ്ഥാനത്തിന്റെ സ്ഥാപിതശേഷി 10 മെഗാവാട്ട് കൂടി ഉയർത്തുക എന്ന ലക്ഷ്യത്തോടെ അനെർട്ട് ആവിഷ്കരിച്ച നടപ്പിലാക്കുന്ന 10000 സൗരഗൃഹ പദ്ധതി പ്രകാരം നിലവിൽ 18,200 ലധികം അപേക്ഷകൾ ലഭിക്കുകയും ഇതിൽ അനുമതി ലഭിച്ച 8500 ലധികം ഭവനങ്ങളിൽ പവർപ്ലാന്റുകൾ സ്ഥാപിച്ച് 8.5 മെഗാവാട്ടിലധികം സ്ഥാപിതശേഷി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എത്ര കിലോവാട്ട് വൈദ്യുതിയായിരുന്നു ഇതിലൂടെ ലക്ഷ്യമിട്ടിരുന്നത്; ലഭിച്ചത് എത്രയാണ്; | (ബി) ഉണ്ട്. 10 മെഗാവാട്ട് ലക്ഷ്യത്തോടെ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതി ഇതുവരെയായി 8.5 മെഗാവാട്ടിലധികം കൈവരിച്ച് ലക്ഷ്യത്തോട് അടുക്കുകയാണ്. |
| (സി) സോളാർ പദ്ധതിയുടെ പേരിൽ ഉണ്ടായ തട്ടിപ്പുകളുടെ ഭാഗമായി പദ്ധതി നിർവ്വഹണം പരാജയപ്പെടാനിടയായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) ഇല്ല. അനെർട്ടിന്റെ സൗരഗൃഹ പദ്ധതി വഴി പ്രതിഷ്ഠാപനങ്ങൾ ആരംഭിച്ച ശേഷം ജനങ്ങളിൽ നിന്നും നല്ല പ്രതികരണങ്ങൾ ലഭിച്ചു തുടങ്ങിയതോടെ ഈ പദ്ധതി പ്രകാരം 18200 ൽ അധികം അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇവ പരിശോധിച്ച് നിലവിൽ 8500 ലധികം ഭവനങ്ങളിൽ 1 കിലോവാട്ട് പവർപ്ലാന്റുകൾ സ്ഥാപിച്ച് ഏകദേശം 8.5 |

മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതി 2015-16 കാലയളവിൽ തന്നെ വിജയകരമായി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) തട്ടിപ്പുകാർക്ക് ജനങ്ങളിൽ നിന്നും കോടിക്കണക്കിന് തുക തട്ടിപ്പ് നടത്തുന്നതിന് സഹായകരമായിട്ടാണ് സർക്കാർ പദ്ധതിയും സോളാർ നയവും നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ